(ബി) ഇതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) റോഡ് ദിശമാറ്റി വിടുന്നതിനെതിരെ നാട്ടുകാരുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) കുന്ദമംഗലം-തരുവമ്പാടി റോഡ് ആർ.ഇ.സി.യുടെ കോമ്പൗണ്ടിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. ഈ റോഡ് പൂർണ്ണമായും അടച്ച് കോമ്പൗണ്ടിനുവെളിയിലൂടെ പുതിയ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

റോഡുകൾ ടെണ്ടർ ചെയ്യാൻ നടപടി

110 (2829) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ പി.ഡബ്ലിയു.ഡി. റോഡുകളായ ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡ്, വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ് എന്നിവയ്ക്ക് സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകിയിട്ടും ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) ഏത് കാലയളവിൽ ഇവ ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനം നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡുകൾ പഞ്ചായത്ത് വകുപ്പിന്റെ അധീനതയിലുള്ളതാണ്. ഇവ പൊതുമരാമത്ത് വകുപ്പിന് കൈമാറുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

നെടുമുടി-കുപ്പപ്പുറം റോഡിന്റെ നിർമ്മാണം

111 (2830) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെ കിഴക്കൻ പ്രദേശങ്ങളുടെ വികസനം ലക്ഷ്യമാക്കി പണി തുടങ്ങിയ നെടുമുടി-കുപ്പപ്പുറം റോഡിന്റെ പണി വേണ്ടത്ര തുക അനുവദിക്കാത്തതിനാൽ മുടങ്ങി കിടക്കുന്ന സാഹചര്യത്തിൽ പണി പൂർത്തിയാക്കുന്നതിന് നബാർഡിന്റെ ധനസഹായം തേടുമോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നെടുമുടി-കുപ്പപ്പുറം റോഡിന്റെ പണിക്ക് നബാർഡ് ധനസഹായം തേടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly